# ഇറാൻ പ്രസിഡന്റിൽ നിന്ന് പ്രധാനമന്ത്രിക്ക് ഒരു ടെലിഫോൺ കോൾ ലഭിച്ചു

ജൂൺ 22, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് ഇറാൻ പ്രസിഡന്റ് ശ്രീ. മസൂദ് പെഷേഷ്കിയനിൽ നിന്ന് ഇന്ന് ഒരു ടെലിഫോൺ കോൾ ലഭിച്ചു.

2. പ്രസിഡന്റ് പെഷെഷ്കിയൻ മേഖലയിലെ നിലവിലെ സാഹചര്യങ്ങൾ, പ്രത്യേകിച്ച് ഇറാനും ഇസ്രയേലും തമ്മിലുള്ള സംഘർഷം സംബന്ധിച്ച വസ്തുതകളും കാഴ്ചപ്പാടും, പ്രധാനമന്ത്രിയോടു പങ്കുവച്ചു.

3. അടുത്തിടെ നടന്ന സംഘർഷങ്ങളിൽ ഇന്ത്യയുടെ തീവ്രമായ ആശങ്ക പ്രധാനമന്ത്രി പ്രകടിപ്പിച്ചു. ഇന്ത്യ സമാധാനത്തിന്റെയും മാനവികതയുടെയും പക്ഷത്താണെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഈ സാഹചര്യത്തിൽ, മുന്നോട്ടുള്ള നടപടിയായി ഉടനടി സംഘർഷം ഒഴിവാക്കേണ്ടതിന്റെയും സംഭാഷണത്തിന്റെയും നയതന്ത്രത്തിന്റെയും ആവശ്യകത പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. മേഖലയിലെ സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിനുള്ള ഇന്ത്യയുടെ പിന്തുണ അദ്ദേഹം ആവർത്തിച്ചു.

4. ഇന്ത്യൻ സമൂഹത്തെ സ്വദേശത്തേക്ക് സുരക്ഷിതമായി തിരിച്ചുകൊണ്ടുവരുന്നതിന് നൽകുന്ന തുടർച്ചയായ പിന്തുണയ്ക്ക് പ്രധാനമന്ത്രി പ്രസിഡന്റ് പെഷേഷ്കിയന് നന്ദി പറഞ്ഞു. വ്യാപാരം, സാമ്പത്തിക സഹകരണം, ശാസ്ത്ര-സാങ്കേതികവിദ്യ, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നത് തുടരുന്നതിനുള്ള പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു.

5. സമ്പർക്കം പുലർത്താമെന്ന് ഇരുവരും തമ്മിൽ ധാരണയായി.

ന്യൂഡൽഹി

ജൂൺ 22, 2025